"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- പൊതു സ്ഥലംമാറ്റ ഉത്തരവിനെതിരെ ശ്രീമതി.അഞ്ജു.സി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1101/2023 കേസിന്മേൽ ബഹു.കോടതി 6/07/2023 ന് പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്

സ.ഉ.(സാധാ) നം.1660/2023/LSGD തീയതി,തിരുവനന്തപുരം, 16-08-2023

പരാമർശം:-

1. 3/7/2023 ലെ LSGD/PD/1224/2023 നമ്പർ പൊതു സ്ഥലംമാറ്റ ഉത്തരവ്.
2. 4.7.2023-ന് ശ്രീമതി.അഞ്ജു.സി സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ.
3. OA No.1101/2023 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 6.7.2023 ന് പുറപ്പെടുവിച്ച വിധിന്യായം

**ഉത്തരവ്**

പരാമർശം 1 പ്രകാരമുള്ള ഉത്തരവിനെതിരെ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമ പഞ്ചായത്തിലെ മൂന്നാംതരം ഓവർസിയർ ശ്രീമതി.അഞ്ജു.സി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA No.1101/2023 കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കേസിൽ ബഹു.കോടതി പുറപ്പെടുവിച്ച പരാമർശം 3 പ്രകാരമുള്ള വിധിന്യായത്തിൽ അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ (Annexure A3) പരിഗണിച്ച്, ടിയാരിയെ നേരിൽ കേട്ട് വിധിന്യായം ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാനും, അപേക്ഷകയെ അതുവരെ പ്രസ്തുത സ്ഥലത്ത് തന്നെ തുടരാൻ അനുവദിക്കണമെന്നും ഉത്തരവായിരുന്നു.

2) ശ്രീമതി.അഞ്ജു.സി മൂന്നു വർഷത്തിലധികമായി ചേളന്നൂർ ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തു വരുന്നതായും പൊതു സ്ഥലംമാറ്റത്തിൽ വീടിനടുത്തുള്ള 4 ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷിച്ചിരുന്നുവെങ്കിലും ഒഴിവില്ലായെന്ന കാരണത്താൽ അവിടെ അനുവദിക്കാതെ 67 KM അകലെയുള്ള ഏറാമല ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റുകയുണ്ടായെന്നും, പുറത്തുനിന്നുള്ള സ്റ്റേഷനിൽ നിന്ന് വീടിനടുത്തുള്ള സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കാനാണ് താൻ അപേക്ഷിച്ചതെന്നും, ആയത് അനുവദിക്കാത്തത് ജനറൽ ട്രാൻഫർ നോംസിന് എതിരാണെന്നും, സ്ത്രീകളെ മലയോര പ്രദേശങ്ങളിലേയ്ക്ക്

ട്രാൻസ്ഫർ ചെയ്യരുതെന്ന ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവിലെ നിർദ്ദേശത്തിന് എതിരാണ് പ്രസ്തുത നിയമനമെന്നും അപേക്ഷക ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ, 5 ഉം 10 വയസ്സുമുള്ള കുട്ടികളും വയസ്സായ, അസുഖക്കാരായ അമ്മയും അച്ഛനും വീട്ടിലുള്ളതിനാൽ അർഹതപ്പെട്ട സ്ഥലത്തേയ്ക്ക് സ്ഥലം മാറ്റം ലഭിക്കാതിരുന്നാൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കേണ്ടി വരുമെന്നും, ആയതിനാൽ അർഹതപ്പെട്ട സ്ഥലത്തേക്കോ, ഒഴിവുള്ള കോഴിക്കോട് കോർപ്പറേഷനിലേയ്ക്കോ സ്ഥലം മാറ്റം അനുവദിക്കണമെന്നാണ് അപേക്ഷക ആവശ്യപ്പെട്ടിരുന്നത്.

3) കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അപേക്ഷകയെ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 8.8.2023 ന് നേരിൽ കേൾക്കുകയുണ്ടായി. സ്ത്രീകളെ മലയോര പ്രദേശങ്ങളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യരുതെന്ന ഉഭവ വകുപ്പിന്റെ ഉത്തരവിലെ നിർദ്ദേശത്തിന് എതിരാണ് തന്റെ സ്ഥലംമാറ്റമെന്നും കൂടാതെ, 5 ഉം 10 വയസ്സുമുള്ള കുട്ടികളും വയസ്സായ, അസുഖക്കാരിയായ അമ്മയും heart patient ആയ അച്ഛനും വീട്ടിലുള്ളതിനാൽ അർഹതപ്പെട്ട സ്ഥലത്തേക്കോ, ഒഴിവുള്ള കോഴിക്കോട് കോർപ്പറേഷനിലേയ്ക്കോ ചെമഞ്ചേരി ഗ്രാമ പഞ്ചായത്തിലേയ്ക്കോ സ്ഥലം മാറ്റം അനുവദിക്കണമെന്നും ശ്രീമതി.അഞ്ജു.സി ബോധിപ്പിക്കുകയുമുണ്ടായി.

4) പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, ശ്രീമതി.അഞ്ജു.സി മൂന്നാംതരം ഓവർസിയർ 02.08.2019 മുതൽ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു വരുന്നു. 1342 ദിവസമാണ് ടിയാരിയുടെ സ്റ്റേഷൻ സീനിയോറിറ്റി. ആയതിൽ ടിയാരിയുടെ ineligibility period 45 ദിവസം കഴിച്ച് station seniority 1297 ദിവസമാണ്. ടിയാരിയുടെ ഒന്നാമത്തെ ഓപ്ഷനായ പെരുവയൽ ഗ്രാമ പഞ്ചായത്തിലേയ്ക്ക് 1948 ദിവസം station seniority ഉള്ള മുഹമ്മദ് റാഫി എന്നയാളെ ടിയാളുടെ station seniority യുടെ അടിസ്ഥാനത്തിൽ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി ഫൈനൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടിയാരിയുടെ രണ്ടാമത്തെ ഓപ്ഷനായ പെരുമണ്ണ ഗ്രാമ പഞ്ചായത്തിലേയ്ക്ക് രേഷ്മ കെ. എന്നയാളെ special priority യുടെ അടിസ്ഥാനത്തിൽ (50% ന് മുകളിൽ ഭിന്നശേഷിയുള്ള കുട്ടിയുടെ മാതാവ് ) പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി ഫൈനൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടിയാരിയുടെ മൂന്നാമത്തെ ഒപ്ഷനായ മാവൂർ ഗ്രാമപഞ്ചായത്തിൽ ഒഴിവ് വിവരം റിപ്പോർട്ട് ചെയ്തിട്ടില്ലായിരുന്നു. ടിയാരിയുടെ നാലാമത്തെ ഓപ്ഷനായ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലേയ്ക്ക് 1871 ദിവസം station seniority യുള്ള പ്രബീഷ്ദാസ് എന്നയാളെ ടിയാളുടെ station seniority യുടെ അടിസ്ഥാനത്തിൽ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായും അഹമ്മദ് സഹദ് എന്നയാളെ special priority യുടെ അടിസ്ഥാനത്തിലും (ഭിന്നശേഷിയുള്ള ജീവനക്കാരൻ) പൊതു സ്ഥലം

മാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി ഫൈനൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി.അഞ്ജു.സി പൊതു സ്ഥലം മാറ്റത്തിൽ ജനറൽ കാറ്റഗറിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തീകരിച്ചിട്ടുള്ളതിനാലും ഓപ്റ്റ് ചെയ്ത സ്റ്റേഷനുകളിൽ മേൽ കാരണങ്ങൾ കൊണ്ട് പരിഗണിക്കാൻ കഴിയാതിരുന്നതിനാലുമാണ് കോഴിക്കോട് ജില്ലയിൽ ഒഴിവുണ്ടായിരുന്ന ഏറാമല ഗ്രാമപഞ്ചായത്തിലേയ്ക്ക് പെറ്റീഷണറെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലം മാറ്റിയിട്ടുള്ളത്.

5) സർക്കാർ ഈ വിഷയം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഏറാമല ഗ്രാമപഞ്ചായത്തിലേയ്ക്ക് ശ്രീമതി.അഞ്ജു.സി പൊതു സ്ഥലം മാറ്റത്തിൽ ജനറൽ കാറ്റഗറിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തീകരിച്ചിട്ടുള്ളതിനാലും ഓപ്റ്റ് ചെയ്ത സ്റ്റേഷനുകളിൽ മേൽ കാരണങ്ങൾ കൊണ്ട് പരിഗണിക്കാൻ കഴിയാതിരുന്നതിനാലും കോഴിക്കോട് ജില്ലയിൽ ഒഴിവുണ്ടായിരുന്ന ഏറാമല ഗ്രാമപഞ്ചായത്തിലേയ്ക്ക് പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലം മാറ്റിയിട്ടുള്ളത് എന്നതിനാൽ ടിയാരിയുടെ അപേക്ഷ പരിഗണിക്കാൻ കഴിയില്ല. എന്നാൽ സ്ത്രീകളെ മലയോര പ്രദേശങ്ങളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യരുതെന്ന 25.2.2017ലെ സ.ഉ(പി) നം.3/17/ഉഭപ വകുപ്പിന്റെ ഉത്തരവിലെ നിർദ്ദേശത്തിന് എതിരായിട്ടാണോ പ്രസ്തുത നിയമനം നടത്തിയിട്ടുള്ളത് എന്നത് കൂടി പരിശോധിച്ച് ടിയാരി അർഹയായി കാണുന്നുവെങ്കിൽ ആയതും, 5 ഉം 10 വയസ്സുള്ള കുട്ടികളും വയസ്സായ, അസുഖക്കാരിയായ അമ്മയും heart patient ആയ അച്ഛനും വീട്ടിലുള്ളതും കൂടി കണക്കിലെടുത്ത് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിലവിൽ ഒഴിവുള്ള കോഴിക്കോട് കോർപ്പറേഷനിലേയ്ക്കോ ചെമഞ്ചേരി ഗ്രാമ പഞ്ചായത്തിലേയ്ക്കോ മറ്റ് അർഹതപ്പെട്ട സ്ഥലത്തേക്കോ Q ലിസ്റ്റ് പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി അപേക്ഷകയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്നു ബോധ്യപ്പെട്ടിട്ടുണ്ട്.

6) ഈ സാഹചര്യത്തിൽ, സ്ത്രീകളെ മലയോര പ്രദേശങ്ങളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യരുതെന്ന 25.2.2017ലെ സ.ഉ(പി) നം.3/17/ഉഭപ വകുപ്പിന്റെ ഉത്തരവിലെ നിർദ്ദേശത്തിന് എതിരായിട്ടാണോ പ്രസ്തുത നിയമനം നടത്തിയിട്ടുള്ളത് എന്നത് കൂടി പരിശോധിച്ചും, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും നിലവിൽ ഒഴിവുള്ള കോഴിക്കോട് കോർപ്പറേഷനിലേയ്ക്കോ ചെമഞ്ചേരി ഗ്രാമ പഞ്ചായത്തിലേയ്ക്കോ മറ്റ് അർഹതപ്പെട്ട സ്ഥലത്തേക്കോ Q ലിസ്റ്റ് പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി അപേക്ഷകയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി Annexure A3 അപ്പീൽ അപേക്ഷ തീർപ്പാക്കി സർക്കാർ ഉത്തരവാകുന്നു.

7) അപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No.1101/2023 കേസിന്മേൽ ബഹു.കോടതി 6.7.2023 ന് പുറപ്പെടുവിച്ച വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1. ആഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീമതി.അഞ്ജു.സി, തേർഡ് ഗ്രേഡ് ഓവർസിയർ, ചേളന്നൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
സെക്ഷൻ ഓഫീസർ
Date: 16-08-2023 14:12:36